**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2173** **16-03-2022 - ൽ മറുപടിയ്ക്ക്**

**സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് രോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ലൂപസ് അഥവാ സിസ്റ്റമിക് ലൂപസ് എരിത്തമറ്റോസിസ് എന്ന രോഗം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ രോഗികളുടെ എണ്ണം ലഭ്യമാണോ; | (എ) | ഉണ്ട്. മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലുമായി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. |
| (ബി) | ലൂപസ് രോഗത്തിന് ഇൻഷ്വറൻസ് പരിരക്ഷയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത രോഗികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | (ബി) | ദേശീയ ഹെൽത്ത് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് ബെനഫിറ്റ് പാക്കേജിൽ ഈ രോഗം നിലവിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ലൂപസ് രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ട കഠിനമായ അവസ്ഥ വന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്. ഇത് ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപ secondary, tertiary care ആശുപത്രികളിൽ ലഭിക്കുന്നതാണ്. |
| (സി) | ലൂപസ് രോഗികൾക്ക് ബി.പി.എൽ കാർഡിൽപ്പെട്ട രോഗികൾക്ക് ലഭിക്കുന്ന അതേ പരിഗണന എല്ലാ സർക്കാർ ആശുപത്രികളിലും കിട്ടുന്നതിനുവേണ്ടി സി.എച്ച്.ഐ.എ.കെ./ആർ.എസ്.ബി.വൈ./ ആയുഷ്മാൻ ഭാരത് തുടങ്ങിയ ആരോഗ്യ പദ്ധതികളിൽ പരിഗണന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (സി) | ദേശീയ ഹെൽത്ത് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് ബെനഫിറ്റ് പാക്കേജിൽ ഈ രോഗം നിലവിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ലൂപസ് രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ട കഠിനമായ അവസ്ഥ വന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്. ഇത് ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപ secondary, tertiary care ആശുപത്രികളിൽ ലഭിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത രോഗത്തിനുള്ള മരുന്നുകൾ ഓർഫൻ ഡ്രഗ്ഗ് ലിസ്റ്റിൽ ഉൾപ്പെടുത്തി സബ്സിഡി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ; | (ഡി) | ദേശീയ ഹെൽത്ത് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് ബെനഫിറ്റ് പാക്കേജിൽ ഈ രോഗം നിലവിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ലൂപസ് രോഗം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ട കഠിനമായ അവസ്ഥ വന്നാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്. ഇത് ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപ secondary, tertiary care ആശുപത്രികളിൽ ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത രോഗികളെ ദി റൈറ്റ്സ് ഓഫ് പേഴ്സൺ വിത്ത് ഡിസെബിലിറ്റിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ഇ) | ഇപ്പോൾ പരിഗണനയിൽ ഇല്ല. പരിശോധിക്കാവുന്നതാണ്. |
| (എഫ്) | ആഴ്ചയിൽ ഒരു ദിവസം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലോ ജില്ല ആശുപത്രിയിലോ സമഗ്ര റുമറ്റോളജി അല്ലെങ്കിൽ ലൂപസ് മാനേജ്മെന്റ് ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; | (എഫ്) | ജില്ലാ ആശുപത്രികളിൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ജി) | കാരുണ്യ ഫാർമസി വഴി മരുന്നുകളും മറ്റും സൗജന്യമായി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ? | (ജി) | KASP, മറ്റ് ആരോഗ്യ ചികിത്സാ പദ്ധതികളുടെ ഗുണഭോക്താക്കളായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാകുന്നുണ്ട്. മറ്റുള്ളവർക്ക് സബ്സിഡി നിരക്കിലും കാരുണ്യ ഫാമസികൾ വഴി ഈ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ